Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

4772/സി/2008/കെ.എസ്.എച്ച്.ഒ 24..05.2018

# പരിപത്രം

**വിഷയം: കുടുംബശ്രീ-ഗ്രാമ, നഗര സി.ഡി.എസ്, എ.ഡി.എസ്, എൻ.എച്ച്.ജി കാസ്സ് ഓഡിറ്റ് ഫീസ് നിരക്ക് - പുതുക്കി ഉത്തരവാകുന്നത് സംബന്ധിച്ച്.**

സൂചന:- 1. ഈ ഓഫീസിലെ 01.04.09 ലെയും, 28.09.10 ലെയും 15.02.13 ലെയും ഇതേ നമ്പർ ഉത്തരവുകൾ.
2. 4.11.2017, 29.01.2018 ലെ സബ് കമ്മിറ്റി തീരുമാനം.
3. 30.08.2016 ലെ ഇതേ നമ്പർ ഉത്തരവ്.
4. 26.04.2018 ലെ ഗവേണിംഗ് ബോഡി തീരുമാനം.

സൂചന (1) പ്രകാരം ഗ്രാമ, നഗര പ്രദേശങ്ങളിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, എ.ഡി.എസുകൾ, സി.ഡി.എസുകൾ എന്നിവയുടെ ഓഡിറ്റ് ഫീസ് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുപ്പിച്ചിരുന്നു. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരുടേയും, കാസ്സ് ഗ്രൂപ്പുകളുടേയും അഭ്യർത്ഥന പ്രകാരം ഗ്രാമ, നഗര പ്രദേശങ്ങളിലെ അയൽക്കൂട്ടം എ.ഡി.എസ്സ്, സി.ഡി.എസ്സ് എന്നിവയുടെ ഓഡിറ്റ് ഫീസ് താഴെ പറയും പ്രകാരം പുതുക്കി ഉത്തരവാകുന്നു.

<u>ഗ്രാമ/നഗര പ്രദേശങ്ങളിലെ പുതുക്കിയ എൻ.എച്ച്.ജിയുടെ ഫീസ് നിരക്ക്.</u>

| ക്രമ നം | നിരക്ക് | നിബന്ധനകൾ |
|---|---|---|
| 1 | 250/- | ലിങ്കേജ് വായ്പയോ മറ്റ് വായ്പയോ ഉള്ള അയൽക്കൂട്ടങ്ങൾക്ക്. |
| 2 | 200/- | ലിങ്കേജ് വായ്പയോ മറ്റുള്ള വായ്പയോ ഇല്ലാത്ത അയൽക്കൂട്ടങ്ങൾക്ക്. (ആന്തരിക വായ്പ ഒഴികെ) |

<u>ഗ്രാമ/നഗര പ്രദേശങ്ങളിലെ എ.ഡി.എസ് ഫീസ് നിരക്ക്.</u>

ഗ്രാമ/നഗര പ്രദേശങ്ങളിലെ എ.ഡി.എസ് ഓഡിറ്റ് ഫീസ് സാമ്പത്തിക ഇടപാടുകൾ കുറവായതിനാൽ 200/- ആയി നിജപ്പെടുത്തുന്നു.

## സി.ഡി.എസ്സിന്റെ പുതുക്കിയ ഓഡിറ്റിംഗ് ഫീസ് (ഗ്രാമ/നഗര പ്രദേശങ്ങളിൽ)

| ക്രമ നം | വിഭാഗം | നിബന്ധനകൾ | നിരക്ക് |
|---|---|---|---|
| 1 | ഒരു സി.ഡി.എസ്സിൽ പ്രവർത്തനക്ഷമമായ അയൽക്കൂട്ടങ്ങളുടെ എണ്ണം 100 വരെയാണെങ്കിൽ | ഒരു സിഡിഎസ്സിന്റെ സാമ്പത്തിക വർഷത്തെ പണമിടപാടുകൾ 10 ലക്ഷം വരെയാണെങ്കിൽ | 2500/- |
| | | സിഡിഎസ്സിന്റെ സാമ്പത്തിക വർഷത്തെ പണമിടപാടുകൾ 10 ലക്ഷത്തിനു മുകളിൽ | 3500/- |
| 2 | സി.ഡി.എസ്സിൽ പ്രവർത്തനക്ഷമമായ അയൽക്കൂട്ടങ്ങളുടെ എണ്ണം 101 നും 250 നും ഇടയിൽ | ഒരുസിഡിഎസ്സിന്റെ സാമ്പത്തികവർഷത്തെ പണമിടപാടുകൾ 25 ലക്ഷം വരെ | 3500/- |
| | | സിഡിഎസ്സിന്റെ സാമ്പത്തിക വർഷത്തെ പണമിടപാടുകൾ 25 ലക്ഷത്തിനു മുകളിൽ | 4500/- |
| 3 | ഒരുസി.ഡി.എസ്സിൽ പ്രവർത്തനക്ഷമമായ അയൽക്കൂട്ടങ്ങളുടെ എണ്ണം 251 നും 500 നും ഇടയിൽ | സിഡിഎസ്സിന്റെ സാമ്പത്തിക വർഷത്തെ പണമിടപാടുകൾ 40 ലക്ഷം വരെ | 4500/- |
| | | സിഡിഎസ്സിന്റെ സാമ്പത്തിക വർഷത്തെ പണമിടപാടുകൾ 40 ലക്ഷത്തിനു മുകളിൽ | 5500/- |
| 4 | ഒരുസി.ഡി.എസ്സിൽ പ്രവർത്തനക്ഷമമായ അയൽക്കൂട്ടങ്ങളുടെ എണ്ണം 501 മുതൽ മുകളിലോട്ട്. | ഒരു സിഡിഎസ്സിന്റെ സാമ്പത്തിക വർഷത്തെ പണമിടപാടുകൾ 55 ലക്ഷം വരെ | 5500/- |
| | | സിഡിഎസ്സിന്റെ സാമ്പത്തിക വർഷത്തെ പണമിടപാടുകൾ 55 ലക്ഷത്തിനു മുകളിൽ (ഗ്രാമ സിഡിഎസുകൾക്ക് മാത്രം) | 6500/- |

## സിഡിഎസ് ഓഡിറ്റ് ഫീസ്- (നഗരപ്രദേശങ്ങളിൽ മാത്രം ബാധകം)

| ക്രമ നം | വിഭാഗം | നിബന്ധനകൾ | നിരക്ക് |
|---|---|---|---|
| 1 | നഗര പ്രദേശങ്ങളിലെ സി.ഡി.എസ്സുകളിൽ പ്രവർത്തനക്ഷമമായ 500 അയൽക്കൂട്ടങ്ങൾക്ക് മുകളിൽ | ഒരു സിഡിഎസ്സിന്റെ സാമ്പത്തിക വർഷത്തെ പണമിടപാടുകൾ 55 ലക്ഷം - 1 കോടി വരെ | 8000/- |
| | | ഒരു സിഡിഎസ്സിന്റെ സാമ്പത്തിക വർഷത്തെ പണമിടപാടുകൾ 1 കോടിക്ക് മുകളിൽ | 10000/- |

സൂചന (3) പ്രകാരമുള്ള നിബന്ധനകൾ കൃത്യമായി പാലിക്കുന്നു എന്ന് എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരും ഉറപ്പാക്കേണ്ടതാണ്. ഗ്രാമ/നഗര പ്രദേശങ്ങളിലെ കാസ്സ് ഫീസ് നിരക്ക് 01.04.2018 മുതൽ എല്ലാ അയൽക്കൂട്ടങ്ങൾക്കും, എ.ഡി.എസ്സുകൾക്കും, സി.ഡി.എസ്സുകൾക്കും ബാധകമായിരിക്കും.

വിശ്വസ്തതയോടെ

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

1. *എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും*
2. *എല്ലാ കാസ് ടീമുകൾക്കും (ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ മുഖാന്തിരം)*
3. *എല്ലാ സി.ഡി.എസ്സുകൾക്കും (ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ മുഖാന്തിരം)*
4. *എല്ലാ അയൽക്കൂട്ടങ്ങൾക്കും (സി.ഡി.എസ്സുകൾ മുഖേന)*
5. *എല്ലാ എ.ഡി.എസ്സുകൾക്കും (സി.ഡി.എസ്സുകൾ മുഖേന)*

**പകർപ്പ്:**

1. *എല്ലാ പ്രോഗ്രാം ആഫീസർമാർ/ ചാർജ്ജ് ആഫീസർ/ ടീം ലീഡേഴ്സ്*
2. *അക്കൗണ്ട്സ് സെക്ഷൻ, കുടുംബശ്രീ കരുതൽ/ ഫയൽ*